**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3136** **13-07-2022 - ൽ മറുപടിയ്ക്ക്**

**കായംകുളം കായലോര ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതി പൂർത്തീകരിച്ചിട്ടും സംരക്ഷിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. ഈ ഭാഗത്ത് മണ്ണിന് ഉറപ്പ് കുറവായതിന്റെ ഫലമായി പദ്ധതി ഘടകങ്ങളായ വോക്ക് വേ, ലോൺ എന്നിവ ഇരുന്നു പോകുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ചുറ്റുമതിലോ വേലിയോ ഇല്ലാത്തതിനാൽ സാമൂഹികവിരുദ്ധ ശല്യം മൂലം ടോയിലറ്റ് വാതിലുകൾ, ഫിറ്റിങ്ങുകൾ എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. CRZ അനുമതി ലഭിക്കാത്തതിനാൽ നഗരസഭ കെട്ടിട നമ്പറും നൽകിയിട്ടില്ല.<br><br>കെട്ടിടം അറ്റകുറ്റപ്പണി നടത്താനും സംരക്ഷണ ഭിത്തി/വേലി നിർമിക്കാനുമായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ (KIIDC) തയാറാക്കി വിനോദ സഞ്ചാര വകുപ്പിനു സമർപ്പിച്ച 77 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ